I ഇ.ബി. XII-കേരള നിയമസഭ /V-10

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നിയമസഭാ നടപടികൾ – സംഗ്രഹം
(ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 6, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

മൂന്നാറിൽ ടാറ്റ കയ്യേറിയ ഭൂമി തിരിച്ചെടുത്തതു സംബന്ധിച്ച്

മി. സ്പീക്കർ: മൂന്നാറിൽ ടാറ്റാ കമ്പനി കയ്യേറിയ 1280 ഏക്കർ ഭൂമി തിരിച്ചുപിടിച്ചുവെന്ന മുഖ്യമന്ത്രിയുടെ നിലപാടിന് വിരുദ്ധമായി റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവന നടത്തിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജി.കാർത്തികേയൻ, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അനധികൃതമായി ടാറ്റ കൈവശം വച്ചിരുന്ന ഭൂമിയിൽനിന്നും ‘ടാറ്റ എസ്റ്റേറ്റ് കണ്ണൻ ദേവൻ ഹിൽസ്

പ്ലാന്റേഷൻ കമ്പനി ലിമിറ്റഡ്' എന്ന ബോർഡ് നീക്കം ചെയ്യുകയും പകരം 'ഗവൺമെന്റ് ഓഫ് കേരള' എന്ന ബോർഡ് സ്ഥാപിച്ച് പ്രസ്തുത സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കുകയുമുണ്ടായി. ഇതിന് സമാനമായ ഒരു പ്രസ്താവനയാണ് റവന്യൂ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ നടത്തിയത്. മൂന്നാറിൽ വൻതോതിൽ സർക്കാർ ഭൂമി ടാറ്റയും മറ്റും കൈവശം വച്ചിരിക്കുന്നതായി നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റിയുടെ രണ്ട് റിപ്പോർട്ടുകളിൽ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും മാറിമാറി വന്ന സർക്കാരുകൾ ആ റിപ്പോർട്ടുകളിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച ദൗത്യസംഘത്തിന്റെയും അതിന് മേൽനോട്ടം വഹിക്കുന്ന മന്ത്രിസഭാ ഉപസമിതിയുടെയും നേതൃത്വത്തിൽ നടക്കുന്ന വൻതോതിലുള്ള ഒഴിപ്പിക്കൽ നടപടികളെ അട്ടിമറിക്കുന്നതിനും ടാറ്റയ്ക്കും മറ്റും വൻതോതിൽ സർക്കാർ ഭൂമി കൈവശംവയ്ക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും വേണ്ടിയാണ് പ്രതിപക്ഷത്തെ നിക്ഷിപ്ത താല്പര്യക്കാർ ശ്രമിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി തികച്ചും കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ജി. കാർത്തികേയൻ:</u> പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ കാണുന്നതിനായി മൂന്നാറിൽ പോയ മുഖ്യമന്ത്രി രണ്ടാം ഭൂപരിഷ്ക്കരണ സംരക്ഷണ പോരാട്ടത്തിനുവേണ്ടിയാണ് എത്തിയതെന്ന് പറയുകയും ഒരു ബോർഡ് മാറ്റിവച്ചിട്ട് ടാറ്റ കയ്യേറിയിരുന്ന 1280 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തതായി പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രി ബോർഡ് സ്ഥാപിച്ച സ്ഥലത്ത് ടാറ്റയ്ക്ക് ഭൂമിയില്ലെന്നും അവിടെ കണ്ണൻ

ദേവൻ ഹിൽസ് പ്ലാന്റേഷൻ എന്ന് രേഖപ്പെടുത്തിയ ബോർഡ് മാത്രമാണുണ്ടായിരുന്നതെന്നും അത് വനം വകുപ്പിന്റെ ഭൂമിയാണെന്നുമാണ് കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചത്. മുഖ്യമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടേയും പ്രസ്താവനകൾ പരസ്പര വിരുദ്ധമാണ്. 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജുമെന്റ് ഓഫ് എക്കോളജിക്കലി ഫ്രാജൈൽ ലാന്റ്സ്) ആക്ട് പ്രകാരം 2007 ഫെബ്രുവരി 20-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി വനഭൂമിയാണെന്ന് വിജ്ഞാപനം ഇറക്കിയ സ്ഥലത്ത് മുഖ്യമന്ത്രി ബോർഡ് സ്ഥാപിച്ചത് കേരളത്തിന് അപമാനകരമാണ്. ഇതുസംബന്ധിച്ച സർവ്വേ വകുപ്പിന്റെയും വനം വകുപ്പിന്റെയും പരസ്പര വിരുദ്ധമായ റിപ്പോർട്ടുകൾ കോടതിയിൽ ടാറ്റയ്ക്ക് അനുകൂലമായി വരാൻ സാഹചര്യമൊരുക്കും. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ഈ മന്ത്രിസഭയ്ക്ക് അധികാരത്തിൽ തുടരാനുള്ള ധാർമ്മികാവകാശം നഷ്ടപ്പെട്ടിരിക്കുന്നു. അതീവഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അനധികൃത കയ്യേറ്റം നടന്നിട്ടുള്ള മൂന്നാറിൽ ടാറ്റ അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായുള്ള റിപ്പോർട്ട് നിയമസഭയിൽ ഇതിനുമുമ്പ് അവതരിപ്പിച്ചിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ക്യാബിനറ്റ് തീരുമാനമനുസരിച്ച് അതിനുവേണ്ടി പ്രത്യേക ദൗത്യസംഘത്തെ നിയോഗിക്കുകയും ചെയ്തു.

ടാറ്റാ കമ്പനിക്ക് വിവിധ ആവശ്യങ്ങൾക്കായും വനം വകുപ്പിന്റെ ഇരവികുളം പാർക്കിനുവേണ്ടിയും അനുവദിച്ച ഭൂമിക്കുപുറമേ ടാറ്റായുടെ തോട്ടത്തിനും വനം വകുപ്പിന്റെ ഭൂമിക്കുമിടയിൽ 50,000-ൽപ്പരം ഏക്കർ ഭൂമി സർക്കാരിന്റേതായിട്ടുണ്ടായിരുന്നു. പ്രസ്തുത ഭൂമി അളന്നു തിട്ടപ്പെടുത്തിയെടുക്കുന്ന ശ്രമകരമായ പണിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ 1200-ഓളം ഏക്കർ ഭൂമി ടാറ്റ കയ്യേറി ബോർഡുവച്ചിരുന്നതാണ് കണ്ടുപിടിച്ച് ഏറ്റെടുത്തത്. കയ്യടക്കി വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതു സംബന്ധിച്ച് മന്ത്രിസഭാംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. സഭാനടപടി കൾ നിറുത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി):</u> ടാറ്റയ്ക്ക് കൊടുത്തിട്ടുള്ള 57,192.65 ഏക്കർ ഭൂമിക്കപ്പുറം അനധികൃതമായി ഭൂമി കയ്യേറിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാൻ പ്രതിപക്ഷം എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നു. ടാറ്റയുടെ കയ്യിൽ നിന്നും തിരിച്ചുപിടിച്ച ഭൂമിയേയും സാറ്റലൈറ്റ് സർവ്വെയേയും സംബന്ധിച്ച പ്രഖ്യാപനം സഭയിൽ നടത്തുമെന്നു പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> 1971-ലെ നിയമവും 1974-ൽ രൂപീകൃതമായ ലാന്റ് ബോർഡുമെല്ലാം ഉണ്ടായിരുന്നിട്ടും ടാറ്റ

അനധികൃതമായി കയ്യേറിയ ഒരു തുണ്ടു ഭൂമി പോലും യു.ഡി.എഫ്. ഗവൺമെന്റിന് തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഉമ്മൻചാണ്ടി: 2003-ലെ നിയമമനുസരിച്ച് ആന്റണി സർക്കാർ പല അനധികൃത കയ്യേറ്റങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ടാറ്റയുടെ ഭൂമി തിരിച്ചുപിടിച്ചതു സംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ സ്റ്റേറ്റുമെന്റും റവന്യൂ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റുമെന്റും തമ്മിൽ വ്യത്യാസമില്ലെന്നു പറയുന്നതിനോടു യോജിക്കാൻ കഴിയുകയില്ല. 2003-ലെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ടാറ്റയിൽ നിന്ന് പിടിച്ചെടുത്ത ഭൂമി വനഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് അവിടെ ജെണ്ടയിടുകയും ഫോറസ്റ്റ് സ്റ്റേഷനും ഫയർ ലൈനും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടാറ്റയിൽ നിന്നും ഏറ്റെടുത്ത 1280 ഏക്കർ ഭൂമി എവിടെയാണെന്നു ഗവൺമെന്റ് വ്യക്തമാക്കണം.

(സഭയിൽ ബഹളം നടന്നുകൊണ്ടിരിക്കെ പ്രതിപക്ഷാംഗങ്ങൾ ഇരിപ്പിടം വിട്ട് കൂടിനിന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു. അംഗങ്ങൾ ഇരിപ്പിടങ്ങളിലേയ്ക്ക് മടങ്ങിപ്പോയി സഭാനടപടികളുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുവെങ്കിലും ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ മറ്റ് നടപടികളിലേയ്ക്കു കടക്കാതെ സഭ പിരിയുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.

(സഭ രാവിലെ 10.11-ന് പിരിഞ്ഞു)

*******************